**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകളുടെ വികസന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി ജോയി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു 1. സംരംഭക സഹായ പദ്ധതി 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി 5. വ്യവസായ ഭദ്രതാ പദ്ധതി 6. പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് 7. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ 8. കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പേരന്റ് ക്ലിയറൻസ്. 9. ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ 10. പുതിയ വ്യവസായ ഭൂമിയുടെ വികസനം 11. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം 12. സംരംഭക വികസന കേന്ദ്രങ്ങൾ. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ വ്യവസായ പാർക്കുകളിൽ സംരംഭക യൂണിറ്റുകൾക്ക് അതിവേഗ അനുമതി ലഭ്യമാക്കാൻ ഏകജാലക ബോർഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വ്യവസായ പാർക്കുകളുടെ വികസന പുരോഗതി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പാർക്കുകളിൽ തുടർച്ചയായി വൈദ്യുതി ലഭിക്കുന്നതിന് പവർ ഫീഡർ സ്ഥാപിക്കും, കൂടാതെ, |

| | | | |
|---|---|---|---|
| | | | കിൻഫ്രയുടെ സബ്സിടിയറി കമ്പനി ആയ 'കിനെസ്കോ'യാണ് വൈദ്യുതി വിതരണം നടത്തുന്നത്. കിൻഫ്ര പാർക്കുകളിൽ അപേക്ഷ ലഭിച്ച് 24 മണിക്കുറുകൾക്കകം വൈദ്യുതി കണക്ഷൻ ലഭ്യമാകും, മാലിന്യ നിർമ്മാർജ്ജനത്തിനായി കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനതലത്തിൽ വ്യവസായ പാർക്കുകളുടെ സർവേ നടപടികളും പൂർത്തികരിച്ചിട്ടുണ്ട്. |
| (ഡി) | വിവിധ വ്യവസായ പാർക്കുകളിൽ സ്ഥലം അനുവദിക്കപ്പെട്ടവർ പ്രവർത്തനം തുടങ്ങിയോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ? | (ഡി) | വ്യവസായ പാർക്കുകളിലെ എസ്റ്റേറ്റ് ഓഫീസർമാർ കൃത്യമായ പരിശോധന നടത്തി റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭൂമി അനുവദിക്കുന്ന വേളയിൽ സംരംഭകൻ ഏർപ്പെടുന്ന കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന കാലയളവിൽ യൂണിറ്റ് തുടങ്ങാത്ത സാഹചര്യത്തിൽ ചട്ട പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വ്യവസായ ഭൂമിയുടെ വിതരണം, വിനിയോഗം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത നയം രൂപീകരിക്കുന്നതാണ്. നിലവിലുള്ള ഭൂമിയുടെ സ്ഥിതി വിവരക്കണക്കുകൾ എടുക്കുന്നുണ്ട്. ഇതു പൂർത്തിയാക്കി ഉചിതമായ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സംരംഭക സഹായ പദ്ധതി

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരഭകത്വ സഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC / ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5 % എന്നത് 10 % ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK - യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനം നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

## ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന സഹായം ജനറൽ

വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നതാണ്.

1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ - ആകെ പ്രോജക്ട് ചെലവിന്റെ 40%
2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ
3. വ്യവസായ വകുപ്പിന്റെ മാർജിൻ മണി ഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം

എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ് വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.

**പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ**

മൂല്യ ശൃംഖലയിലെ യഥാർത്ഥ പ്രശ്നങ്ങൾ കാരണം പ്രവർത്തനരഹിതമായി തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഈ യൂണിറ്റുകൾ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മൂലധന ഗ്രാൻറുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

a. Revival and rehabilitation scheme for defunct MSMEs and cashew processing units
b. The Kerala stressed MSMEs Revival & Rehabilitation Scheme

**വ്യവസായഭദ്രത**

കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

**PMFME (Prime Ministers Formalisation of Micro Food Processing Enterprises)**

ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ സൂക്ഷ്മ സംസ്ക്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization ഓഫ് Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിൻറെ

മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പ്പാദകസംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനായി കേരള സർക്കാർ, വ്യവസായ വകുപ്പിനെ നോഡൽ വകുപ്പായും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനെ (KBip) സംസ്ഥാന നോഡൽ ഏജൻസിയായും, നോഡൽ ഓഫീസറായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ് മെന്റ് കോർപ്പറേഷന്റെ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടരെയും തിരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത 4 വർഷം കൊണ്ട് ഭക്ഷ്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് 4000 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനു ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതമായ 675 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 450 ലക്ഷം രൂപയും ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE)

സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനായി KIED ഗവേഷണ സ്ഥാപനങ്ങളുമായി MOU വിൽ ഏർപ്പെട്ടിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് സംരംഭകരെ കണ്ടെത്തുന്നത്. ഇപ്രകാരം കണ്ടെത്തുന്ന സംരംഭകർക്ക് പ്രാഥമികമായ പരിശീലനം വെബിനാർ വഴി സംഘടിപ്പിക്കുന്നു. വ്യവസായ വകുപ്പിന്റെ NRK പോർടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്കും ഈ പദ്ധതി വഴി പരിശീലനം നൽകുന്നുണ്ട്.

## Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0)

വ്യവസായ സംരംഭാകർക്കാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിന്റെ ഭാഗമായി നിലവിലെ KSWIFT പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSWIFT ന്റെ പുതിയ വെർഷൻ ഈ വർഷം പുറത്തിറക്കുന്നു. ഈ പോർട്ടൽ വഴിയുള്ള ഈസ് ഓഫ് ടൂയിംഗ് ബിസിനസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എല്ലാ താലൂക്ക് വ്യവസായ ഓഫീസിലും ഒരു Resource Person നു ചുമതല നൽകുന്നതാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ ആകണം എന്നുള്ള നയത്തിന് ഈ ഒരു സംവിധാനം സഹായകമാകും.

## ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ

നിലവിൽ വ്യവസായ ഭൂമിക്കുള്ള അപേക്ഷ സ്വീകരിക്കൽ മാത്രമാണ് ഓൺലൈൻ ആയി നടത്തുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഭൂമി അനുവദിക്കുന്നതും ഓൺലൈൻ വഴി ആക്കുന്നതാണ്. ഇതിനാവശ്യമായ നടപടികൾ NIC യുമായി ചേർന്ന് കൊണ്ട് നടത്തി വരുന്നുണ്ട്.

## പുതിയ വ്യവസായ ഭൂമിയുടെ വികസനം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പുതുതായി കണ്ടെത്തിയിട്ടുള്ള 3 വ്യവസായ വികസന പ്ലോട്ടുകൾ അടുത്ത ഒരു വർഷത്തിനുള്ളിൽ സംരംഭകർക്ക് അനുവദിക്കുന്നതിന് സജ്ജമാക്കുന്നതാണ്. 8.5 ഏക്കർ സ്ഥലം വരുന്ന തൃശ്ശൂർ ജില്ലയിലെ വരവൂർ, 20.4 ഏക്കർ വരുന്ന കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, 99.98 ഏക്കർ വരുന്ന കാസർഗോഡ് ജില്ലയിലെ മടിക്കൈ-പുതുക്കൈ എന്നിവയാണ് പുതുതായി വികസിപ്പിക്കുന്ന വ്യവസായ വികസന പ്ലോട്ടുകൾ.

## പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 25 ഏക്കറോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കറോ വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ സ്ഥലം പ്രൈവറ്റ് വ്യക്തികളുടെ കൈവശമുണ്ടെങ്കിൽ ആയത് പ്രൈവറ്റ് വ്യവസായ വികസന പ്രദേശമായി വികസിപ്പിക്കാവുന്നതാണ്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ റോഡ്, വൈദ്യുതി ജലലഭ്യത മുതലായ കാര്യങ്ങളിൽ സർക്കാരിന് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കാവുന്നതാണ്. എസ്റ്റേറ്റിന്റെ അതിർത്തിവരെ വൈദ്യുതി എത്തിക്കുന്നതിന് രണ്ടു കോടി രൂപവരെ സർക്കാരിനു മുതൽ മുടക്കാവുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും മലിനീകരണ നിയന്ത്രണ ബോർഡിൻറെ 'Red Category"-യിൽ പെടാത്തതുമായ വ്യവസായങ്ങൾ മാത്രമേ സ്വകാര്യ എസ്റ്റേറ്റിൽ പ്രവർത്തിക്കാൻ പാടുള്ളൂ.

## സംരംഭക വികസന കേന്ദ്രങ്ങൾ (EDCs)

എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കിക്കൊണ്ട് എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്ററുകൾ Kerala Institute of Entrepreneurship Development (KIED) ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നു. വിജ്ഞാനം, സാങ്കേതിക വിദ്യ എന്നിവയാൽ നയിക്കപ്പെടുന്ന സംരംഭക വികസനത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുക എന്നുള്ളതാണ് EDC യുടെ ലക് ഷ്യം. സർക്കാർ, വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ-വികസന നൈപുണ്യ അക്കാഡമിക് ഇൻസ്റ്റിട്യൂട്ടുകളും ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണ സംരംഭമാണ് EDC. അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വകുപ്പും, കേന്ദ്രത്തിന്റെ നടത്തിപ്പും പ്രവർത്തനവും KIED ഉം വ്യവസായ പങ്കാളികളും സംയുക്തമായി നിർവഹിക്കും